# KSTA - നിറവ്

## സമഗ്ര വിദ്യാഭ്യാസ പരിപാടി

### എൽ.എസ്.എസ്. മാതൃകാ പരീക്ഷ – 2015

സമയം : 2 മണിക്കൂർ　　　　ആകെ സ്കോർ : 50

## Part - A

### പ്രവർത്തനം – 1

ഞങ്ങൾ പെരുമാങ്ങോട്ട് നിവാസികൾ. വെള്ളത്തിന്റെ കാര്യത്തിൽ ഞങ്ങൾക്ക് ഒരു ബുദ്ധിമുട്ടും ഇല്ലെന്നായിരുന്നു ഞങ്ങളുടെ ധാരണ കാരണം ഞങ്ങൾ ആറുപേരുടെയും വീടുകളിൽ വെള്ളത്തിന് ഒരു ക്ഷാമവുമില്ലായിരുന്നു. പക്ഷെ ക്ലാസിലെ പഠനവുമായി ബന്ധപ്പെട്ട് ഞങ്ങൾ നടത്തിയ സർവ്വെയിലൂടെ ഒരു കാര്യം ബോധ്യപ്പെട്ടു. നമ്മുടെ നാട്ടിലും ജലം കുറഞ്ഞുവരികയാണ്. സർവ്വെയ്ക്കുവേണ്ടി സ്കൂളിനടുത്തുള്ള വീടുകളാണ് സന്ദർശിച്ചത്. എല്ലാ വീട്ടുകാരും ഞങ്ങളോട് സഹകരിച്ചു. ഈ പ്രദേശത്തുകാരുടെ പ്രധാനകുടിവെള്ള സ്രോതസ്സ് കിണർ ജലം തന്നെയാണ്. ഇവിടെ നല്ല ഒരു കുളമുള്ളതിനാൽ കുളിക്കും അലക്കിനും പലരും കുളത്തെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്ത് വകയുള്ള പൈപ്പ് ലൈൻ ചില വീട്ടുകാർ ഉപയോഗിക്കുന്നുണ്ട്. സർവ്വെയുടെ ഇടയിൽ ഞങ്ങൾ കണ്ടുമുട്ടിയ ശേഖരേട്ടൻ പറഞ്ഞ വിവരങ്ങളാണ് ഞങ്ങളെ ഞെട്ടിച്ചത്. "പണ്ട് ഈ പ്രദേശം വയലുകളാലും കുളങ്ങളാലും സമ്പന്നമായിരുന്നു. എന്നാൽ ഇന്ന് അവയൊക്കെ ഇല്ലാതായി. ഇപ്പോൾ വേനൽക്കാലം വരൾച്ചയുടെ മാസമായി മാറി." മാലിന്യ സംസ്കരണം കൃത്യമായി നടക്കാത്തത് ചെറിയൊരു ഭാഗം കിണർ ജലത്തെ മലിനീകരിക്കുന്നുണ്ട്. ഞങ്ങളുടെ സർവ്വെ ഉൽഘാടനം ചെയ്തത് വിദ്യാലയത്തിലെ കുട്ടി ശാസ്ത്രജ്ഞയായ അനുശ്രീ ആയിരുന്നു. അനുശ്രീ ജലത്തെക്കുറിച്ചും ഇന്ന് അനുഭവിക്കുന്ന ജലക്ഷാമം, ജലലിനീകരണം എന്നിവയെക്കുറിച്ചും ഒരു ലഘു പ്രസംഗം നടത്തി.

നീതുവിന്റെ കുറിപ്പ് വായിച്ചുവല്ലൊ. നീതുവിന്റെ വിദ്യാലയത്തിൽ അനുശ്രീയാണ് ജലസർവ്വെ ഉത്ഘാടനം ചെയ്തത്. അനുശ്രീയ്ക്കു പകരം നിങ്ങളാണ് ഉത്ഘാടനം ചെയ്യുന്നതെങ്കിൽ എന്തൊക്കെ കാര്യങ്ങളായിരിക്കും നിങ്ങൾ പ്രസംഗിച്ചിട്ടുണ്ടാവുക.

- എന്റെ പ്രസംഗത്തിന്റെ ആമുഖം
- എന്റെ പ്രസംഗത്തിൽ ഉൾപ്പെടുത്തിയ പ്രധാനആശയങ്ങൾ
  1.
  2.
  3.
  4.
- എന്റെ കണ്ടെത്തലുകളും നിർദേശങ്ങളും :
- ഉപസംഹാരത്തിൽ ഞാൻ ഉൾപ്പെടുത്തിയത് :

മാർക്ക് : 10

### പ്രവർത്തനം – 2

സ്കൂൾ ഹാളിൽ വച്ച് നടന്ന പരിപാടിക്ക് നല്ല ജനപങ്കാളിത്തമുണ്ടായിരുന്നു. സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിക്ക് നോട്ടീസ് തയ്യാറാക്കി എല്ലാ വീട്ടിലും എത്തിച്ചതു കൊണ്ടാണ് ഇങ്ങനെവിജയിപ്പിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞത്. ഫെബ്രുവരി ൬ന് നടന്ന ഈ പരിപാടിയിൽ ഹെഡ്മാസ്റ്റർ, പി.ടി.എ. പ്രസിഡണ്ട്, മദർ പി.ടി.എ പ്രസിഡണ്ട്, പഞ്ചായത്ത് പ്രസിഡണ്ട്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, പഞ്ചായത്തിലെ വിശിഷ്ട വ്യക്തികളായ രണ്ട്പേർ എന്നിവരെ പങ്കെടുപ്പിച്ചിരുന്നു. ഫെബ്രുവരി ൬ന് നടന്ന ഈ പരിപാടിയുടെ നോട്ടീസ് തയ്യാറാക്കു.

- നോട്ടീസിന് ഞാൻ കൊടുത്ത തലവാചകം :
- നോട്ടീസിൽ ഞാൻ ഉൾപ്പെടുത്തി. വിശദാംശങ്ങൾ :
- നോട്ടീസിൽ ഉൾപ്പെടുത്തിയ കാര്യപരിപാടി :

മാർക്ക് : 10

### പ്രവർത്തനം – 3

ജലസർവ്വെയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന് വേണ്ടി ഉദ്ഘാടനത്തോടനുബന്ധിച്ച് ഒരു ചിത്ര പ്രദർശനം ഒരുക്കിയിരുന്നു. ആ പ്രദർശനത്തിൽ ഉണ്ടായിരുന്ന ഒരു ചിത്രമാണ് ഇവിടെ കൊടുത്തിരിക്കുന്നത്.

ഈ ചിത്രത്തിന് അനുയോജ്യമായ അടിക്കുറിപ്പ് തയ്യാറാക്കൂ.



മാർക്ക് : 5

- ചിത്രത്തിലെ ആശയം :
- ഞാൻ തയ്യാറാക്കിയയ അടിക്കുറിപ്പ് :

## പ്രവർത്തനം – 4

സർവ്വെയുടെ ഭാഗമായി നീതുവും കൂട്ടുകാരും ചേർന്ന് തയ്യാറാക്കിയ പട്ടികകളാണ് ചുവടെ ചേർത്തിരിക്കുന്നത്. അവൾ തയ്യാറാക്കിയ കുറിപ്പും പട്ടികകളും അപഗ്രഥിച്ച് നിഗമനങ്ങളും നിർദേശങ്ങളും രേഖപ്പെടുത്തൂ.

**പട്ടിക – 1**

| ക്രമ നമ്പർ | വീട്ട് നമ്പർ | ജലസ്രോതസ്സ് | | | | ജലസ്രോതസ്സിൽ നിന്നും ജലം ലഭിക്കുന്ന കാലയളവ് | | |
|---|---|---|---|---|---|---|---|---|
| | | കിണർ | കുളം | പൊതുപൈപ്പ് | മറ്റുള്ളവ | 6 മാസം | 8 മാസം | 1 വർഷം |
| 1 | 252 | ✓ | | | | ✓ | | |
| 2 | 254 | | ✓ | | | | ✓ | |
| 3 | 255 | | | | ✓ | | | |
| 4 | 256 | | | ✓ | | | | ✓ |
| 5 | 258 | ✓ | | | | ✓ | | |
| 6 | 259 | ✓ | | | | | ✓ | |
| 7 | 260 | ✓ | | | | | ✓ | |
| 8 | 261 | | ✓ | | | ✓ | | |
| 9 | 262 | | | ✓ | | | ✓ | |
| 10 | 262 ബി | ✓ | | | | | | ✓ |

**പട്ടിക – 2. പഞ്ചായത്തിലെ ഒരു വാർഡിലെ കണക്ക്**

| വർഷം | കുളങ്ങളുടെ എണ്ണം | കിണറുകളുടെ എണ്ണം | വയലുകളുടെ വിസ്തൃതി (ഹെക്ടറിൽ) | തോടുകളിലെ നീരൊഴുക്ക് | | |
|---|---|---|---|---|---|---|
| | | | | മഴക്കാലത്ത് | ഡിസംബർ മാസം | വർഷം മുഴുവൻ |
| 2004 | 6 | 250 | 124 | 23 | 16 | 13 |
| 2009 | 4 | 300 | 110 | 23 | 13 | 10 |
| 2014 | 4 | 320 | 72 | 20 | 9 | 5 |

- ഞാൻ എത്തിച്ചേർന്ന നിഗമനങ്ങൾ :

    1.

    2.

    3.

- എന്റെ നിർദേശങ്ങൾ :

    1.

    2.

    3.

മാർക്ക് : 10

## പ്രവർത്തനം - 5

സർവ്വെയുടെ കണ്ടെത്തലുകൾ സയൻസ് ക്ലബ്ബ് അംഗങ്ങൾ വിശദമായ ചർച്ചകൾക്ക് വിധേയമാക്കി. 10 വീടുകളിലെ ജലമലിനീകരണത്തിന് കാരണമായ മാലിന്യ പ്രശ്നത്തിന് പരിഹാരമായി പൈപ്പ് കമ്പോസ്റ്റുകൾ നൽകാൻ തീരുമാനിച്ചു. സ്കൂൾ പി.ടി.എ., ഗ്രാമപഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കാനും തീരുമാനിച്ചു. ഒരു വീടിന് 8 ഇഞ്ച് വ്യാസമുള്ള ഒന്നര മീറ്റർ നീളമുള്ള 2 പൈപ്പും അവയ്ക്കാവശ്യമായ 2 മൂടികളും നൽകാനാണ് തീരുമാനിച്ചത്. മീറ്ററിന് 360 രൂപ വിലയുള്ള പൈപ്പും 220 രൂപ വിലയുള്ള ഒരു മൂടിയുമാണ് ലഭ്യമാക്കിയത്. വിപണിയിൽ 6 മീറ്റർ നീളമുള്ള പൈപ്പുകളാണ് വില്പനയ്ക്കുള്ളത്. ഓരോ വീട്ടുടമയ്ക്കും പഞ്ചായത്ത് 500 രൂപയും പി.ടി.എ. 250 രൂപയും നൽകുവാനും തീരുമാനിച്ചു.

- ഒരു വീട്ടിനാവശ്യമായ പൈപ്പ് കമ്പോസ്റ്റിന് ചെലവാകുന്ന പണം :

- ഒരു വീട്ടുടമ പൈപ്പ് കമ്പോസ്റ്റിന് കൊടുക്കേണ്ട തുക :

- സ്കൂൾ പി.ടി.എ. ക്ക് പൈപ്പ് കമ്പോസ്റ്റ് നൽകാൻ ആകെ എത്ര രൂപ വേണ്ടി വരും :

- പൈപ്പ് കമ്പോസ്റ്റ് ഇനത്തിൽ പഞ്ചായത്തിന് ചെലവാകുന്ന രൂപ

- 10 വീടുകൾക്ക് പൈപ്പ് കമ്പോസ്റ്റ് നൽകണമെങ്കിൽ ആകെ എത്ര പൈപ്പ് വാങ്ങേണ്ടി വരും

മാർക്ക് : 15

# KSTA - നിറവ്

## സമഗ്ര വിദ്യാഭ്യാസ പരിപാടി

### എൽ.എസ്.എസ്. മാതൃകാ പരീക്ഷ – 2015

സമയം : 1½ മണിക്കൂർ ആകെ സ്കോർ : 30

---

**Part - B**

1. “പേശലകാന്തി കലർന്നിതാ വീഴുന്നു
തൂശിപോലെത്രയും മിന്നി മിന്നി”
ഇതുപോലെ മഴയെ മറ്റൊന്നിനോട് ബന്ധിപ്പിക്കുന്ന വരിയേത് ?

    എ) ചിന്നിത്തെറിക്കും നറുമുത്തുപോലെ
    ബി) സഹ്യാദ്രിയിൽ നിന്നുയർന്ന
    കാട്ടാനക്കൂട്ടങ്ങൾ പോലെ
    സി) കുന്നത്തു സൂര്യൻ ഉദിച്ചപോലെ
    ഡി) സ്നേഹമോടും വിളിക്കും വഴിപോരു-
    ന്നാഹാ കൊച്ചുവെള്ളാട്ടിൻ കിടാവുപോൽ

2. പാടത്തെല്ലാം വിത്തുവിതച്ചു
പയ്യേച്ചുണ്ടും കീറി മുളച്ചു
ഒരു മഴ കിട്ടാഞ്ഞുഴറും ഞാറി
ന്നോമൽ പീലികരിഞ്ഞു.
ഈ കവിതയെഴുതിയ കവി

    എ) വൈലോപ്പിള്ളി ബി) കുമാരനാശാൻ
    സി) സുഗതകുമാരി ഡി) ഒ.എൻ.വി.

3. താഴെ കൊടുത്ത പ്രസ്താവനകളിൽ ശരിയായ പ്രസ്താവന ഏത് ?

    എ) സൗരയൂഗത്തിൽ 9 ഗ്രഹങ്ങളുണ്ട്
    ബി) സൂര്യൻ ഒരു ഗ്രഹമാണ്
    സി) ശുക്രന്റെയും ചൊവ്വയുടെയും ഇടയിലാണ് ഭൂമി
    ഡി) ശുക്രൻ ഒരു നക്ഷത്രമാണ്

4. 2-9-2013 മുതൽ 10-12-2013 വരെയുള്ള ദിവസങ്ങളിൽ ഒരു വിദ്യാലയത്തിൽ 25 അവധി ദിവസങ്ങൾ ഉണ്ടായിരുന്നെങ്കിൽ എത്ര പ്രവൃത്തി ദിനങ്ങൾ ഉണ്ടായിരിക്കും

    എ) 73 ബി) 74 സി) 75 ഡി) 76

5. 2, 5, 14, 41 – എന്ന ശ്രേണിയിലെ അടുത്ത സംഖ്യ എത് ?

    എ) 102 ബി) 122 സി) 112 ഡി) 104

6. “നായർ വിശന്നു വലഞ്ഞു വരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല
ആയതു കേട്ടു കലമ്പിച്ചെന്നവ
നായുധമുടനെകാട്ടിലെറിഞ്ഞു”

    ഈ വരികൾ ഏത് കലാരൂപവുമായി ബന്ധപ്പെട്ടതാണ് ?

    എ.) മാർഗ്ഗം കളി
    ബി.) ഒപ്പന
    സി.) തുള്ളൽ
    ഡി.) കഥകളി

7. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ മാതൃഭാഷ സൂചിപ്പിക്കുന്ന ആശയഭൂപടമാണ് താഴെ കൊടുത്തിരിക്കുന്നത്. വിട്ടഭാഗം ഏതാണ്.

എ) ഹിന്ദി ബി) മറാഠി സി) കൊങ്കിണി ഡി) തെലുങ്ക്




8. ഒരു കാൽക്കുലേറ്ററും പേനയും കൂടി 120 രൂപയ്ക്ക് വാങ്ങി. കാൽക്കുലേറ്ററിന് പേനയേക്കാൾ 100 രൂപ കൂടുതലാണ്. എങ്കിൽ കാൽക്കുലേറ്ററിന്റെ വിലയെത്ര ?

എ) 105 ബി) 115 സി) 100 ഡി) 110

9. ശരിയല്ലാത്തത് ഏത്

എ) ബേപ്പൂർ - കോഴിക്കോട്

ബി) മുഴപ്പിലങ്ങാട് - കണ്ണൂർ

സി) ചേറായി - എറണാകുളം

ഡി) ഹവ്വാബീച്ച് - ആലപ്പുഴ

10. ഒരു ട്രേയിൽ 1 രൂപ, 2 രൂപ നാണയങ്ങളായി 200 എണ്ണമുണ്ട്. ഇവയുടെ മൂല്യം 320 രൂപയാണ്. എങ്കിൽ എത്ര ഒരു രൂപ നാണയങ്ങളുണ്ട് ?

എ) 120 ബി) 80 സി) 110 ഡി) 90

11.  ചിത്രത്തിൽ ആകെ എത്ര ത്രികോണങ്ങളുണ്ട് ?

എ) 6 ബി) 8 സി) 9 ഡി) 10

12. ശ്രീകാന്ത് ഫ്രിഡ്ജിൽ നിന്ന് എടുത്ത ഒരു ഐസ് കട്ടയുടെ മുകളിൽ ഒരു കട്ട ഉപ്പ് എടുത്ത് വച്ച് നിരീക്ഷിക്കാൻ തുടങ്ങി. താഴെ കൊടുത്തവയിൽ ശരിയായ നിരീക്ഷണ ഫലം ഏത്.

എ) ഐസ് കട്ടയ്ക്ക് മാറ്റമൊന്നും ഉണ്ടായില്ല.

ബി) ഐസ് കട്ട ഉരുകി ദ്രാവകമായി മാറി

സി) ഐസ് കട്ട സാവധാനം ഉരുകി ദ്രാവകമാകുന്നു. ഉപ്പ് ഐസിലേക്ക് താഴ്ന്ന് കുഴി രൂപപ്പെടുന്നു.

ഡി) ഉപ്പിനെ കാണുന്നില്ല

13. ഭീമനെ ആർത്തിക്കാരനായി ഹാസ്യാത്മകമായി ചിത്രീകരിച്ച കവി

എ) സുഗതകുമാരി ബി) ജി. ശങ്കരക്കുറുപ്പ്

സി) കുഞ്ചൻ നമ്പ്യാർ ഡി) കുമാരനാശാൻ

14. ഇന്ത്യ സ്വന്തമായി വികസിപ്പിച്ച മംഗൾയാൻ ഇന്ന് ബഹിരാകാശത്ത് ഒരു ഗ്രഹത്തെ വലയം വച്ചുകൊണ്ടിരിക്കുകയാണ്. ഏത് ഗ്രഹത്തെയാണ് ചുറ്റിക്കൊണ്ടിരിക്കുന്നത്.

എ) ശനി ബി) ചൊവ്വ

സി) നെപ്ട്യൂൺ ഡി) ബുധൻ

15. വയലാർ രാമവർമ്മയുടെ പേരിലുള്ള വയലാർ അവാർഡ് ഈ വർഷം ലഭിച്ച സാഹിത്യകാരി

എ) പി. വത്സല

ബി) കെ.ആർ. മീര

സി) സുഗതകുമാരി

ഡി) കമല സുരയ്യ